LIBRARY ARCHIVES Kerala Legislative Assembly

അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ കേസുകൾ

205 (1910) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2014-15 വർഷം അന്യസംസ്ഥാനത്തൊഴിലാളികൾ പ്രതികളായ കേസുകളുടെ വിശദാംശം ജില്ല, കേസുകളുടെ സ്വഭാവം എന്നിവ തിരിച്ച് ലഭ്യമാക്കാമോ ?

ഉത്തരം

വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

പോലീസ് ഉദ്യോഗസ്ഥർക്കെതിരായ പരാതികൾ

206 (1911) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ഉദ്യോഗസ്ഥർക്കെതിരായ പരാതികൾ പരിഹരിക്കാൻ ജില്ലാതലത്തിൽ അദാലത്തുകൾ നടത്തുന്നുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ വന്നതിനുശേഷം എത്ര അദാലത്തുകൾ നടത്തി ; എത്ര പരാതികൾ ലഭിച്ചു ; എത്ര പരാതികൾ പരിഹരിച്ചു; എത്ര പരാതികളിൽ പോലീസുകാർ കുറ്റക്കാരെന്ന് കണ്ടെത്തി ; അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പോലീസ് ഉദ്യോഗസ്ഥരെക്കുറിച്ചുള്ള എത്ര പരാതികൾ നിലവിൽ അദാലത്തുകൾക്ക് മുമ്പാകെ ഉണ്ടെന്നുള്ള ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) എസ്.സി./എസ്.ടി. വിഭാഗങ്ങൾ നൽകിയ എത്ര പരാതികൾ പരിഹരിച്ചു ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(ഇ) എസ്.സി./എസ്.ടി. വിഭാഗങ്ങൾ നൽകിയ എത്ര പരാതികൾ ജില്ലാ അദാലത്ത് മുമ്പാകെ നിലവിൽ ഉണ്ട് ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) പോലീസ് ഉദ്യോഗസ്ഥർക്കെതിരായ പരാതികൾ പരിഹരിക്കാനായി മാത്രം ജില്ലാതലത്തിൽ അദാലത്തുകൾ നടത്തിയിട്ടില്ല.

(ബി-ഇ) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.